## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : 4897** 27.10.2016 ലെ മറുപടിക്ക്

## ലൈബ്രറികളുടെ നവീകരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഡി.കെ. മുരളി : | പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം സംസ്ഥാനത്തെ ലൈബ്രറികളുടെ സൗകര്യങ്ങൾ നവീകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഗൈഡ് ലൈൻസ് എന്തൊക്കെയാണ് ; വിശദമാക്കുമോ ; | (എ) 2016-17 വർഷത്തെ കേരള സർക്കാർ ബഡ്ജറ്റ് നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗ ഗ്രന്ഥശാലകളിലെ 'എ' ഗ്രേഡ് ലൈബ്രറികളെയും നല്ല പ്രവർത്തനവും പൊതുപരിപാടികളും നടത്തുന്നതും സ്ഥലസൗകര്യമുള്ളതുമായ ബി ഗ്രേഡ് ലൈബ്രറികളെയും ട്രൈബൽ മേഖലയിൽ പ്രവർത്തിക്കുന്ന മികച്ച ഗ്രന്ഥശാലകളെയും പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയ ലൈബ്രറികളുടെ ആവശ്യകതയനുസരിച്ച് LCD പ്രോജക്ടർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാക്കുന്നതാണ്. എ ഗ്രേഡ് ലൈബ്രറികൾക്ക് വൈഫൈ സംവിധാനം ലഭ്യമാക്കുന്നതിന് സർക്കാർ ഐ.റ്റി വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഒരു മണ്ഡലത്തിലെ എത്ര ലൈബ്രറികളുടെ സൗകര്യങ്ങൾ ഇപ്രകാരം നവീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ബി) ഒരു മണ്ഡലത്തിലെ മികച്ച (എ) ഗ്രേഡ് ലൈബ്രറികളെ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ